# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ജനുവരി 15 | 2017 |
|---|---|



## ശബരിമല പത്രക്കുറിപ്പ് 1

ഫോൺ : 04735-202664
www.prd.kerala.gov.in, prdsannidanam2017@gmail.com
Facebook Page: Sabarimalamediacentreiprdgok

### അമിതവില, അളവുതൂക്ക ക്രമക്കേട്: 1,55,500 രൂപ പിഴ ഈടാക്കി

സന്നിധാനം ഡ്യൂട്ടി മജിസ്ട്രേട്ടിന്റെ നേതൃത്വത്തിലുള്ള പ്രത്യേക സ്ക്വാഡ് മകരവിളക്ക് കാലയളവിൽ വിവിധ വ്യാപാര സ്ഥാപനങ്ങളിലും ഹോട്ടലുകളിലും നടത്തിയ പരിശോധനയിൽ അധികവില, ഭക്ഷണസാധനങ്ങളുടെ അളവ് കുറവ് തുടങ്ങിയ ക്രമക്കേടുകൾ കണ്ടെത്തിയതിനെ തുടർന്ന് 1,55,500 രൂപ പിഴയായി ഈടാക്കി. മുന്നറിയിപ്പ് ലംഘിച്ച് അധികവില ഈടാക്കിയ പാത്രവിൽപ്പന കട അടപ്പിച്ചു. ഡ്യൂട്ടി മജിസ്ട്രേട്ടുമാരായ വി. പി. മുരളീധരൻ, പി. വി. ഗോപാലകൃഷ്ണൻ, കെ. ആർ. രവീന്ദ്രൻ, എക്സിക്യൂട്ടീവ് മജിസ്ട്രേട്ടുമാരായ കെ. കെ. ദിവാകരൻ, പി. എം. അനി, സന്തോഷ്കുമാർ എന്നിവരുടെ നേതൃത്വത്തിലുള്ള സ്ക്വാഡിൽ ഡെപ്യൂട്ടി തഹസിൽദാർ രമേശ് കെ. പി, സിവിൽ സപ്ലൈസ് വകുപ്പ് സീനിയർ സൂപ്രണ്ട് പി. മുരളീധരൻനായർ, ഹെൽത്ത് ഇൻസ്പെക്ടർ ഹരിക്കുട്ടൻ എസ്, അളവുതൂക്ക വിഭാഗം ഇൻസ്പെക്ടർ ബിമൽ എസ്, അസിസ്റ്റന്റ് സാബു എ. കെ, വില്ലേജ് ഓഫീസർമാരായ പ്രദീപ് എം, രമേശൻ കെ. എന്നിവർ അംഗങ്ങളാണ്.

### പുകയില ഉത്പന്നങ്ങൾ പിടികൂടി

നിലയ്ക്കലിലും പരിസരങ്ങളിലും എക്സൈസ് സംഘം നടത്തിയ പരിശോധനയിൽ 500 പാക്കറ്റ് നിരോധിത പുകയില ഉത്പന്നങ്ങൾ പിടിച്ചെടുത്തു. ഇതുമായി ബന്ധപ്പെട്ട് 98 കോട്പ കേസുകളിലായി 19,600 രൂപ പിഴ ഈടാക്കി. എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ എം. സുഗുണന്റെ നേതൃത്വത്തിൽ നടന്ന പരിശോധനയിൽ എക്സൈസ് ഇൻസ്പെക്ടർമാരായ എം. എസ്. ഹനീഫ, എൻ.കെ. ഷാജി, അസി. എക്സൈസ് ഇൻസ്പെക്ടർ സാന്റൺ സെബാസ്റ്റ്യൻ, പ്രിവന്റീവ് ഓഫീസർമാരായ എം. കുഞ്ഞിക്കൃഷ്ണൻ, എ. കെ. സുരേഷ്ബാബു, സോമസുന്ദരൻ, സുനിൽകുമാർ, യുഗേഷ്, വിനോദൻ എന്നിവർ പങ്കെടുത്തു. പാർക്കിംഗ് സ്ഥലങ്ങൾ, കടകൾ, കെ. എസ്. ആർ. ടി. സി ബസ് സ്റ്റാൻഡ് തുടങ്ങിയ സ്ഥലങ്ങൾ എക്സൈസിന്റെ സൂക്ഷ്മ നിരീക്ഷണത്തിലാണെന്നും വരും ദിവസങ്ങളിൽ കൂടുതൽ പരിശോധന ഉണ്ടാകുമെന്നും സർക്കിൾ ഇൻസ്പെക്ടർ അറിയിച്ചു.

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ജനുവരി 15 | 2017 |
|---|---|



## ശബരിമല പത്രക്കുറിപ്പ് 2

ഫോൺ : 04735-202664
www.prd.kerala.gov.in, prdsannidanam2017@gmail.com
Facebook Page: Sabarimalamediacentreiprdgok

## എമർജൻസി മെഡിക്കൽ സെന്റർ ആശ്വാസമായത് 1.58 ലക്ഷം പേർക്ക്

മണ്ഡല മകരവിളക്ക് കാലത്ത് ശബരിമലയിലെ വിവിധ കേന്ദ്രങ്ങളിൽ പ്രവർത്തിച്ച 18 എമർജൻസി മെഡിക്കൽ സെന്ററുകൾ ആശ്വാസം പകർന്നത് 1.58 ലക്ഷം തീർത്ഥാടകർക്ക്. ഹൃദ്രോഗസംബന്ധമായ അസുഖങ്ങളുമായെത്തിയ 85 പേരെയാണ് രക്ഷിക്കാനായത്. ഹൃദയ സംബന്ധമായ അസുഖങ്ങൾ മൂലം മരിക്കുന്നവരുടെ എണ്ണം ഇത്തവണ കുറഞ്ഞു. മുൻവർഷങ്ങളിൽ ഹൃദയസംബന്ധമായ അസുഖങ്ങളാൽ ശരാശരി 50 പേരെങ്കിലും മരിക്കുന്ന സാഹചര്യമായിരുന്നു. പരമ്പരാഗതപാതയിൽ ഇത്തവണ ഇതുവരെ 28 തീർത്ഥാടകരാണ് ഹൃദയ സംബന്ധമായ അസുഖം മൂലം മരണമടഞ്ഞതെന്ന് ഔദ്യോഗിക കണക്കുകൾ വ്യക്തമാക്കുന്നു. മകരവിളക്ക് ദിവസം മാത്രം 12941 പേരാണ് ഈ സെന്ററുകളുടെ സേവനം തേടിയത്.

ഈ സീസണിൽ 12836 പേർക്ക് പ്രഥമശുശ്രൂഷയും 2176 പേർക്ക് നെബുലൈസേഷനും 7087 പേർക്ക് ഓക്സിജൻ പാർലറുകളുടെ സേവനവും 512 പേർക്ക് സ്ട്രെക്ചർ സേവനവും നൽകി. കുഴഞ്ഞു വീഴുന്നവർക്ക് പ്രഥമ ശുശ്രൂഷ നൽകി തൊട്ടടുത്ത വിദഗ്ധ ചികിത്സാ കേന്ദ്രത്തിലെത്തിക്കുക എന്ന ലക്ഷ്യത്തോടെയാണ് സേഫ് ശബരിമല പദ്ധതിയുടെ കീഴിൽ കഴിഞ്ഞ വർഷം മുതൽ പത്തനംതിട്ട ജില്ലാ ഭരണകൂടം ആരോഗ്യവകുപ്പും മറ്റു വകുപ്പുകളുമായി സഹകരിച്ച് എമർജൻസി മെഡിക്കൽ സെന്ററുകൾക്ക് രൂപം നൽകിയത്. പമ്പയിൽ നിന്ന് സന്നിധാനത്തേക്കുള്ള പാതയിൽ 11 ഉം സന്നിധാനത്ത് നാലും സ്വാമി അയ്യപ്പൻ റോഡിൽ മൂന്നും ഇ. എം. സികളാണ് പ്രവർത്തിക്കുന്നത്.

സർക്കാർ, സ്വകാര്യ നഴ്സിംഗ് കോളേജുകളിലെയും സ്കൂളുകളിലെയും തിരഞ്ഞെടുത്ത പുരുഷ വിദ്യാർത്ഥികൾക്കും നഴ്സുമാർക്കുമാണ് പ്രത്യേക ജീവൻ രക്ഷാ പരിശീലനം നൽകി ഇ. എം.സികളിൽ നിയോഗിച്ചിട്ടുള്ളത്. പത്ത് ദിവസത്തെ കാലയളിൽ രണ്ടു ഷിഫ്റ്റുകളിലായാണ് ഇവർക്ക് ഡ്യൂട്ടി. ഇവരെ സഹായിക്കാൻ തമിഴ്നാട്ടിലെ കോളേജുകളിൽ നിന്നുള്ള വിദ്യാർത്ഥികളെ അയ്യപ്പസേവാ സംഘം ലഭ്യമാക്കി. എല്ലാ ഇ. എം. സികളും ഹോട്ട്ലൈൻ മുഖേന പമ്പയിലെ സർക്കാർ ആശുപത്രിയിലെ കൺട്രോൾ റൂമുമായി ബന്ധിപ്പിച്ചിട്ടുണ്ട്. സന്നിധാനം, അപ്പാച്ചിമേട്, നീലിമല, ചരൽമേട്, പമ്പ ആശുപത്രികളിലേക്കാണ് പരിചരണത്തിനായി രോഗികളെ എത്തിക്കുന്നത്. വിദഗ്ധ ചികിത്സ ആവശ്യമുള്ളവരെ പത്തനംതിട്ട, കോട്ടയം ഗവ. ആശുപത്രികളിലേക്ക് ആംബുലൻസിലെത്തിച്ചു.

## മാളികപ്പുറത്തമ്മയുടെ എഴുന്നള്ളത്ത് 18 വരെ

മകരവിളക്ക് മഹോത്സവത്തോടനുബന്ധിച്ച് മാളികപ്പുറത്ത് നിന്ന് പതിനെട്ടാംപടി വരെ ദേവി

യുടെ എഴുന്നള്ളത്ത് നടക്കും. 18 വരെയാണ് എഴുന്നള്ളത്ത്. താളമേളങ്ങളുടെ അകമ്പടിയോടെയാണ് എഴുന്നള്ളത്ത്. പതിനെട്ടാംപടിയുടെ മുന്നിൽ പ്രദക്ഷിണം വച്ച് തിരികെ മാളികപ്പുറത്തേക്ക് പോകും. അവസാന ദിവസത്തെ എഴുന്നള്ളത്ത് ശരംകുത്തി വരെ നീളും. എല്ലാ ദിവസവും സന്ധ്യാദീപാരാധന യ്ക്ക് ശേഷമാണ് എഴുന്നള്ളത്ത്. 19ന് രാത്രി മാളികപ്പുറത്ത് മണിമണ്ഡപത്തിന് മുന്നിൽ വലിയ ഗുരുതി നടക്കും.




# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ജനുവരി 15 | 2017 |
|---|---|



## ശബരിമല പത്രക്കുറിപ്പ് 3

ഫോൺ : 04735-202664
www.prd.kerala.gov.in, prdsannidanam2017@gmail.com
Facebook Page: Sabarimalamediacentreiprdgok

### മാളികപ്പുറത്ത് കളമെഴുത്തും പാട്ടും ആരംഭിച്ചു

മകരവിളക്ക് കഴിഞ്ഞതോടെ മാളികപ്പുറത്ത് കളമെഴുത്തും പാട്ടും ആരംഭിച്ചു. മാളികപ്പുറത്ത് 14ന് ദീപാരാധനയ്ക്ക് ശേഷമാണ് കളമെഴുത്ത് ആരംഭിച്ചത്. 18 വരെ കളമെഴുത്ത് നടക്കും. റാന്നി കുന്നയ്ക്കാട്ട് കുടുംബത്തിൽ നിന്നുള്ള കുറുപ്പൻമാരാണ് കളമെഴുത്തും പാട്ടും നടത്തുന്നത്. അജിത്കുമാർ, രതീഷ്കുമാർ, ജയകുമാർ എന്നിവരാണ് നേതൃത്വം നൽകുന്നത്. രണ്ടു സഹായികളുമുണ്ട്.

അയ്യപ്പന്റെ അഞ്ച് ഭാവങ്ങളാണ് മണിമണ്ഡപത്തിൽ കളമെഴുതുന്നത്. ശനിയാഴ്ച വൈകിട്ട് അയ്യപ്പന്റെ ബാലസ്വരൂപമാണ് കളമെഴുതിയത്. ഇന്ന് (15) വില്ലാളിവീര ഭാവം കളമെഴുതും. 16ന് രാജകുമാര സങ്കൽപ്പത്തിലെ വിഗ്രഹപ്രതിഷ്ഠയും 17ന് പുലിവാഹകനും 18ന് തിരുവാഭരണം ചാർത്തിയ അയ്യപ്പനെയും കളമെഴുതും. കളമെഴുതിക്കഴിഞ്ഞ് ചൊല്ലുന്ന അയ്യപ്പസ്തുതിയാണ് പാട്ട്. മാളികപ്പുറത്ത് നിവേദ്യത്തിനു ശേഷം കളം മായ്ക്കൽ നടക്കും.

**ഫോട്ടോ അടിക്കുറിപ്പ്** : കളമെഴുത്തും പാട്ടും നടത്തുന്ന അജിത്കുമാർ, രതീഷ്കുമാർ, ജയകുമാർ



# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ജനുവരി 15 | 2017 |
|---|---|



## ശബരിമല പത്രക്കുറിപ്പ് 4

ഫോൺ : 04735-202664
www.prd.kerala.gov.in, prdsannidanam2017@gmail.com
Facebook Page: Sabarimalamediacentreiprdgok

## മാദ്ധ്യമപ്രവർത്തകരെ ദേവസ്വം മന്ത്രി അഭിനന്ദിച്ചു

മണ്ഡല മകരവിളക്ക് ഉത്സവകാലത്ത് സ്തുത്യഹർമായ പ്രവർത്തനം നടത്തിയ എല്ലാ മാദ്ധ്യമ പ്രവർത്തകരെയും ദേവസ്വം മന്ത്രി കടകംപള്ളി സുരേന്ദ്രൻ അഭിനന്ദിച്ചു. ഇക്കാലയളവിൽ അച്ചടി-ദൃശ്യമാദ്ധ്യമങ്ങൾ ശബരിമലയുമായി ബന്ധപ്പെട്ട വാർത്തകൾക്ക് മികച്ച പ്രചാരമാണ് നൽകിയത്. മകരവിളക്ക് ദിവസം തൽസമയം സംപ്രേഷണം നടത്തി ദൃശ്യമാദ്ധ്യമങ്ങൾ ലോകത്തെല്ലായിടത്തുമുള്ള ഭക്തർക്ക് മുന്നിൽ ശബരിമലയുടെ കീർത്തി എത്തിച്ചു.
കമനീയമായ കലണ്ടർ, ഡയറക്ടറി എന്നിവ സമയബന്ധിതമായി പ്രസിദ്ധീകരിച്ചും വാട്ട്സ്ആപ് , ഫേസ്ബുക്ക്, ട്വിറ്റർ അക്കൗണ്ടുകൾ,പത്രകുറിപ്പുകൾ, വീഡിയോ ക്ലിപ്പുകൾ എന്നിവയിലൂടെ ഉത്സവകാലത്തെ വാർത്തകൾ തത്സമയം മാധ്യമങ്ങളെയും വിവിധ വകുപ്പുദ്യോഗസ്ഥരെയും അറിയിച്ചും ഐ ആന്റ് പി ആർ ഡി വകുപ്പ് മാതൃകാപരമായ പ്രവർത്തനമാണ് ഇക്കാലയളവിൽ കാഴ്ചവച്ചതെന്നും സന്ദേശത്തിൽ മന്ത്രി പറഞ്ഞു.

## ശബരിമല തീർത്ഥാടനം: ഏകോപനം വൻ വിജയം

ശബരിമല മണ്ഡല മകരവിളക്ക് തീർത്ഥാടനത്തിന്റെ വിജയത്തിനായി ദേവസ്വം ബോർഡിനൊപ്പം വിവിധ സർക്കാർ വകുപ്പുകൾ ഒരുമയോടെ പ്രവർത്തിച്ചതായി ദേവസ്വം മന്ത്രി കടകംപള്ളി സുരേന്ദ്രൻ അറിയിച്ചു. കഴിഞ്ഞ ഏതു കാലത്തേക്കാളും ചിട്ടയോടെ തീർത്ഥാടനം സംഘടിപ്പിക്കാൻ സാധിച്ചത് സർക്കാരിന്റെയും ദേവസ്വം ബോർഡിന്റേയും മികച്ച ഏകോപനം മൂലമാണ്. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട് മൂന്ന് അവലോകന യോഗങ്ങളാണ് നടന്നത്. ദേവസ്വം മന്ത്രിയെന്ന നിലയിൽ അഞ്ച് യോഗങ്ങൾ വേറേയും സംഘടിപ്പിക്കുകയുണ്ടായി. പിഴവുകളില്ലാതെ ശബരിമല മണ്ഡല മകരവിളക്ക് ഉത്സവം നടത്തണമെന്ന ഉദ്ദേശത്തോടെയാണ് പ്രവർത്തനം നടത്തിയത്.

ജില്ലാ ഭരണകൂടവും വിവിധ ഭക്തസംഘടനകളും ദേവസ്വം ബോർഡും മറ്റു വകുപ്പുകളും അയ്യപ്പന്റെ പൂങ്കാവനത്തെ വൃത്തിയായി സൂക്ഷിക്കാൻ മുന്നോട്ടു വന്നു. പുണ്യം പൂങ്കാവനം പദ്ധതി വിജയകരമായി നടപ്പാക്കി. ശബരിമലയെ പ്ലാസ്റ്റിക് മുക്തമാക്കണമെന്ന കേരള ഹൈക്കോടതിയുടെ നിർദ്ദേശം പാലിക്കുന്നതിന് ശക്തമായ പ്രവർത്തനമാണ് സർക്കാരും ദേവസ്വം ബോർഡും നടത്തിയത്. ഇതിന് പത്തനംതിട്ട ജില്ലാ കളക്ടർ ചുക്കാൻ പിടിച്ചു. ശബരിമലയിലെ പ്ലാസ്റ്റിക് മുക്ത പ്രവർത്തനം വലിയൊരു സന്ദേശമാണ് നൽകുന്നത്. ലക്ഷക്കണക്കിന് ഭക്തരെത്തുന്ന ശബരിമലയെ പ്ലാസ്റ്റിക് മു

ക്തമാക്കാമെങ്കിൽ കേരളത്തിലെവിടെയും ഈ പദ്ധതി നടപ്പാക്കാനാവുമെന്ന് ബോധ്യമായി.

പ്ലാസ്റ്റിക് ഒഴിവാക്കാനുള്ള നിർദ്ദേശമുണ്ടായപ്പോൾ ഏറ്റവും വലിയ ആശങ്ക കുടിവെള്ളം നൽകുന്നത് സംബന്ധിച്ചായിരുന്നു. പ്ലാസ്റ്റിക് കുപ്പികളെ പടിക്കുപുറത്ത് നിറുത്തുമ്പോൾ ലക്ഷക്കണക്കിന് തീർത്ഥാടകർക്ക് കുടിവെള്ളം നൽകാൻ ബദൽ മാർഗം ആവിഷ്കരിക്കേണ്ടി വന്നു. വാട്ടർ അതോറിറ്റിയും ദേവസ്വം ബോർഡും അയ്യപ്പസേവാസംഘം പോലെയുള്ള സംഘടനകളും ഇക്കാര്യത്തിൽ മികവുറ്റ പ്രവർത്തനമാണ് കാഴ്ചവച്ചത്. ശുദ്ധമായ കുടിവെള്ളം ആവശ്യാനുസരണം നൽകുന്നതിന് വാട്ടർ കിയോസ്കുകൾ ശബരിമലയിൽ വിവിധ സ്ഥലങ്ങളിൽ സ്ഥാപിച്ചു. കൂടാതെ ഭക്ത സംഘടനകളുടെ നേതൃത്വത്തിൽ ചുക്കുവെള്ളവും നൽകി. കുടിവെള്ള വിതരണം കുറ്റമറ്റ രീതിയിൽ നടപ്പാക്കുന്നതിൽ എല്ലാവരും സഹകരിച്ചു. മകരവിളക്കിന് സന്നിധാനത്തേക്കെത്തിയ ലക്ഷക്കണക്കിന് ഭക്തർക്ക് കുടിവെള്ളം നൽകാൻ സാധിച്ചത് ഇതിന്റെ വിജയമാണ് സൂചിപ്പിക്കുന്നത്.

പോലീസിന്റെ പ്രവർത്തനം ശ്ലാഘനീയമാണ്. ശബരിമലയിലേക്ക് തീർത്ഥാടകർ ഒഴുകിയെത്തിയെങ്കിലും ശക്തമായ സുരക്ഷാ ക്രമീകരണങ്ങൾ ഒരുക്കുന്നതിനൊപ്പം അവരെ ഫലപ്രദമായി നിയന്ത്രിക്കുന്നതിനും പോലീസിന് സാധിച്ചു. മറ്റു സുരക്ഷാ സേനകളുടെയും പ്രവർത്തനം അഭിനന്ദനീയമാണ്.

ആരോഗ്യവകുപ്പിന്റെ പ്രവർത്തനങ്ങൾ എടുത്തു പറയേണ്ടതുണ്ട്. എമർജൻസി മെഡിക്കൽ സെന്ററുകളും മറ്റു സജ്ജീകരണങ്ങളുമായി തീർത്ഥാടകർക്ക് ആവശ്യമായ ചികിത്സാ സംവിധാനം ഒരുക്കി. ഹൃദയസംബന്ധമായ അസുഖങ്ങൾ മൂലമുള്ള മരണം ശബരിമലയിൽ കുറയ്ക്കാൻ കഴിഞ്ഞത് ആരോഗ്യവകുപ്പിന്റെ നേട്ടമാണ്. അലോപ്പോതിക്കൊപ്പം ഹോമിയോ, ആയുർവേദ വകുപ്പുകളും നല്ല രീതിയിൽ പ്രവർത്തിച്ചു. ഫയർഫോഴ്സ്, വനം, എക്സൈസ്, കെ. എസ്. ഇ. ബി, ഇറിഗേഷൻ, റവന്യു തുടങ്ങി ശബരിമലയുമായി ബന്ധപ്പെട്ട എല്ലാ വകുപ്പുകളും തീർത്ഥാടനം വിജയിപ്പിക്കുന്നതിന് ആത്മാർത്ഥമായി സഹകരിച്ചു. സന്നിധാനത്ത് പ്രവർത്തിച്ച ശുചിത്വസേനയുടെ കാര്യവും ഈ അവസരത്തിൽ ഓർക്കേണ്ടതുണ്ട്. കരാർ അടിസ്ഥാനത്തിലും ദിവസവേതനത്തിലും പ്രവർത്തിക്കുന്ന തൊഴിലാളികളും തീർത്ഥാടനം വിജയിപ്പിക്കുന്നതിൽ മുഖ്യപങ്കു വഹിച്ചിട്ടുണ്ട്. എല്ലാവർക്കും ഈ അവസരത്തിൽ അഭിനന്ദനം അറിയിക്കുന്നു.



# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ജനുവരി 15 | 2017 |
|---|---|



## ശബരിമല പത്രക്കുറിപ്പ് 5


ഫോൺ : 04735-202664
www.prd.kerala.gov.in, prdsannidanam2017@gmail.com
Facebook Page: Sabarimalamediacentreiprdgok


## പടിപൂജ ഇന്ന് (16) മുതൽ

തീർത്ഥാടന കാലത്തെ വലിയ തിരക്കുമൂലം നിറുത്തിവച്ചിരുന്ന പടിപൂജ ഇന്ന് (16) പുനരാരംഭിക്കും. 19 വരെ പടിപൂജയുണ്ടാവും. പൂങ്കാവനത്തിലെ 18 മലകൾക്കും അതിലെ ദേവതകൾക്കും അയ്യപ്പനും പ്രത്യേകം പൂജകൾ കഴിക്കുന്നതാണ് പടിപൂജയുടെ സങ്കൽപ്പം. ദീപാരാധനയ്ക്കു ശേഷമാണ് പടിപൂജ ആരംഭിക്കുക. തന്ത്രി കണ്ഠരര് രാജീവരരുടെ കാർമ്മികത്വത്തിലാണ് പടിപൂജ നടക്കുക. പടികളിൽ പട്ടുവിരിച്ച് നിലവിളക്കും ഒരുക്കുകളും വച്ചാണ് പൂജ. തന്ത്രിയും മേൽശാന്തിയും പരികർമ്മികളും പടികയറി ശ്രീകോവിലിലെത്തി അയ്യപ്പന് പായസം നിവേദിക്കുന്നതോടെ പടി പൂജ പൂർത്തിയാകും. പടിപൂജ നടക്കുന്ന സമയം അയ്യപ്പൻമാർക്ക് പടി കയറാനാവില്ല. പടിപൂജ നടത്തുന്നതിന് 75,000 രൂപ ദേവസ്വത്തിൽ അടച്ച് മുൻകൂട്ടി ബുക്ക് ചെയ്യണം. 2033 വരെ പടി പൂജയുടെ ബുക്കിംഗ് ആയിട്ടുണ്ട്.



# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ജനുവരി 15 | 2017 |
|---|---|



## ശബരിമല പത്രക്കുറിപ്പ് 6

ഫോൺ : 04735-202664
www.prd.kerala.gov.in, prdsannidanam2017@gmail.com
Facebook Page: Sabarimalamediacentreiprdgok

### ഭക്തിയുടെ നിറവിൽ അമ്പലപ്പുഴ, ആലങ്ങാട് സംഘങ്ങളുടെ ശീവേലി

ഭക്തിസാന്ദ്രമായ അന്തരീക്ഷത്തിൽ ഇന്നലെ (15) വൈകിട്ട് മാളികപ്പുറത്ത് നിന്ന് സന്നിധാനത്തേക്ക് അമ്പലപ്പുഴ, ആലങ്ങാട് സംഘങ്ങളുടെ ശീവേലി എഴുന്നള്ളത്ത് നടന്നു. ആദ്യം അമ്പലപ്പുഴ സംഘത്തിന്റേയും തുടർന്ന് ആലങ്ങാട് യോഗത്തിന്റെയും ശീവേലിയാണ് നടന്നത്.

വൈകിട്ട് നട തുറന്ന ശേഷം മാളികപ്പുറം മേൽശാന്തി മനു നമ്പൂതിരി മണി മണ്ഡപത്തിൽ നിന്ന് തിടമ്പ് പൂജിച്ച് സമൂഹപ്പെരിയോനു നൽകി. കർപ്പൂര വിളക്കുകളുടെയും താളമേളങ്ങളുടെയും അകമ്പടിയോടെയാണ് തിടമ്പ് പതിനെട്ടാം പടിക്കലേക്ക് എഴുന്നള്ളിച്ചത്. അയ്യപ്പൻമാരും മാളികപ്പുറങ്ങളും പങ്കെടുത്തു. പതിനെട്ടാം പടി കഴുകി വൃത്തിയാക്കിയാണ് പടിയിൽ കർപ്പൂരാഴി നടത്തിയത്. തുടർന്ന് ക്ഷേത്രത്തിന് പ്രദക്ഷിണം വച്ച് മാളികപ്പുറത്തേക്ക് മടങ്ങി. തിരുവാഭരണം ചാർത്തിയ അയ്യപ്പനെ കണ്ട് വണങ്ങി തീർത്ഥാടനത്തിന് സമാപനം കുറിച്ച് സംഘങ്ങൾ മലയിറങ്ങി.

